# അധ്യായം ഇരുപത്തിമൂന്ന്

പോളങ്ങളുടെ വിങ്ങലുകൾ അവനെ വേദനിപ്പിച്ചു. അതിലേറെ ചേടത്തിയുടെ കുറ്റപ്പെടുത്തലുകൾ. നാടു നിരങ്ങി നടന്നിട്ടാണ് ഈ വ്യാധി വന്നതെന്നു അവർ ഉറപ്പിച്ചു. അതിനു പറയാത്ത വാക്കുകളില്ല. അവർ പറയുന്നതിലും കുറച്ചു കാര്യമുണ്ടെന്നു അവനും തോന്നി. വസൂരി കുട്ടികൾക്കു കൂടി പടർന്നാൽ അത് എത്രമാത്രം ബുദ്ധിമുട്ടാകും. ചേടത്തിക്കും ചേട്ടനും ഇതുവരെ വസൂരി വന്നിട്ടില്ല. അവർക്കും അത് പകരാൻ സാധ്യതയുണ്ട്. പക്ഷെ താൻ എവിടേക്കു മാറത്താമസിക്കാൻ. ഈ അവസ്ഥയിൽ നാട്ടിലേക്കു തിരിച്ചുപോകാനും കഴിയില്ല. ഒരു മാസമെങ്കിലും എടുക്കും എല്ലാം മാറി പഴയ അവസ്ഥയിലേക്കാകാൻ.

ചേട്ടത്തിയുടെ മൂത്ത ചേട്ടനും ജോയിയും ഭാര്യ ചിന്നമ്മയും റാഞ്ചിയിൽ തന്നെ താമസിക്കുന്നുണ്ട്. അവർക്കു വസൂരി വന്നു മാറിയിട്ടേയുള്ളൂ. അവിടെ സോമനെ താമസിപ്പിക്കാമെന്നു പറഞ്ഞത് ചേടത്തിയാണ്. താൻ മാറണമെന്നു ഉള്ളിൽ ആഗ്രഹമുള്ള ചേട്ടനും അത് സമ്മതിച്ചു. സോമന്റെ താമസം അങ്ങോട്ടേക്കു മാറി.

ചേട്ടത്തിയുടെ ചേട്ടനും ഭാര്യയുമായതിനാൽ എന്തായിരിക്കും സ്വഭാവമെന്നു സോമനു മുൻധാരണയുണ്ടായിരുന്നു. ഗതികേടിനു ഒരുത്തനെ സഹിക്കണമെന്നായിരിക്കും അവരുടെ മനസിലും. എന്തൊക്കെയായാലും ഈ അവസ്ഥയിൽ എല്ലാം അനുഭവിക്കുക തന്നെ.

പക്ഷെ സോമന്റെ വിശ്വാസങ്ങളെല്ലാം തകിടം മറിയുന്നരീതിയിലായിരുന്നു ജോയിയുടെയും ചിന്നമ്മയുടെയും പെരുമാറ്റം. അവരവനെ സ്വന്തം സഹോദരനെപ്പോലെ സ്നേഹിച്ചു. ചിന്നമ്മയ്ക്കു ചേടത്തിയെപ്പറ്റി നല്ല അഭിപ്രായമല്ല. സ്വന്തം കാര്യം നോക്കാൻ മാത്രമെ അമ്മിണിക്കറിയൂ എന്നാണ് ചിന്നമ്മ പറയുന്നത്. തനിക്കു പറ്റിയവരെ മാത്രമെ അവർ അടുപ്പിക്കൂ. അത് ശരിയാണെന്നു സോമനും തോന്നി. പക്ഷെ ജോയിച്ചായന് അനുജത്തിയെന്നു വച്ചാൽ ജീവനാണ്. അവളുടെ എന്തു തെറ്റും അയാൾ പൊറുക്കും.

തന്നെ ജോയിച്ചായന്റെ വീട്ടിൽ ആക്കി പോയതിൽ പിന്നെ ചേട്ടൻ തിരഞ്ഞുനോക്കിയിട്ടില്ല. ചേട്ടത്തി വരുകയില്ലെന്നുറപ്പായിരുന്നു. വിവരങ്ങളൊക്കെ ഫോണിൽ വിളിച്ചറിയുന്നുണ്ടെന്നു ചിന്നമ്മേടത്തി പറഞ്ഞു. വരാതിരിക്കുന്നതാണ് നല്ലതെന്നു സോമനു തോന്നി. ഇനി വസൂരി ചേട്ടനുകൂടി പിടിച്ചാൽ അതായി പിന്നെ പുകില്.

ആ ദിവസങ്ങളെല്ലാം വിരസങ്ങളായിരുന്നു. ജോയിച്ചായൻ ജോലിക്കു പോകും. പകൽ ചിന്നമ്മേടത്തി മാത്രമെ ഉണ്ടാകൂ. എത്രനേരം തന്നോട് അവർ സംസാരിച്ചിരിക്കും. ജോയിച്ചായാൻ കുറെ പുസ്തകങ്ങൾ കൊണ്ടുവന്നു തന്നിട്ടുണ്ട്. അതെല്ലാം വായിക്കും. പിന്നെ കുറെ ഉറങ്ങും. കടലാസും പേനയും അരികത്തുണ്ട്. എന്തെങ്കിലുമൊക്കെ എഴുതണമെന്നു തോന്നും. പക്ഷെ കഴിയാറില്ല. ചില സമയങ്ങളിൽ ദേഹം മുഴുവൻ വേദനിച്ചു വലയും. മുഖത്തെല്ലാം പോളങ്ങൾ പൊന്തിയിട്ടുണ്ട്. ചിലവ പൊട്ടി വെള്ളമൊലിച്ചു. കട്ടിലിനെ മൂടിപ്പുതച്ച വെളുത്ത കൊതുകു വലയ്ക്കുള്ളിൽ സോമൻ ഒതുങ്ങിക്കൂടി.

അവിചാരിതമായാണ് അവൾ വന്നത്. അവനൊരിക്കലും പ്രതീക്ഷിച്ചില്ല ഇങ്ങനെയൊരു സന്ദർശനം. ഓമന വരുമ്പോൾ ചിന്നമ്മ അടുക്കളയിലായിരുന്നു. കതകിൽ മുട്ടുന്ന ശബ്ദം കേട്ടാണ് അവർ വാതിൽ തുറന്നത്. പരിചയമില്ലാത്ത ഒരു പെൺകുട്ടി. സോമനെ കാണാനെന്നു പറഞ്ഞപ്പോൾ ചിന്നമ്മയുടെ കണ്ണുകളിൽ ആശ്ചര്യം വിടർന്നു. ഇങ്ങനെ ഒരു പരിചയക്കാരിയെപ്പറ്റി സോമനിതുവരെ പറഞ്ഞിട്ടില്ലല്ലോ എന്നു കരുതുകയും ചെയ്തു.

മുറി തുറന്ന് വരുന്ന പെൺകുട്ടി ഓമനയാണെന്നറിഞ്ഞപ്പോൾ അവനിലുണർന്ന വികാരങ്ങൾ എന്തൊക്കെയാണെന്നു വിവരിക്കാൻ കഴിയുമായിരുന്നില്ല. എത്ര നാളുകളായി ഓമനയെ കണ്ടിട്ട്. കാണുമെങ്കിൽതന്നെ ഒന്നു മിണ്ടിയിട്ട് എത്രയായി. എന്തിനാണ് അവൾ വന്നത്. തന്റെ മനസിനെ തിരിച്ചറിയാതെ നടന്നുമറഞ്ഞവളാണ്. ഈ വികൃത രൂപം കാണുവാനാണോ എത്തിയത്. സ്വന്തം ചേട്ടൻ പോലും അന്വേഷിക്കാൻ എത്താതിരുന്നപ്പോൾ ഓമനയെന്തിനു വന്നു. കനമേറിയ കൊതുകു വലയ്ക്കുള്ളിൽ അവൻ ചുരുണ്ടുകൂടിയിരുന്നു. തന്റെ വികൃത രൂപം അവൾ കാണേണ്ട. എത്രനാളായി കുളിച്ചിട്ട്. പൗഡറൊക്കെ പൂശിയിട്ടുണ്ടെങ്കിലും വൃണങ്ങളുടെ ദുർഗന്ധം മുറിയാകെയുണ്ട്.

ആ വലയൊന്നു മാറ്റ് ആളെയൊന്നു കാണട്ടെ...- ഓമന ചിരിച്ചുകൊണ്ടു പറഞ്ഞു

വേണ്ട... അടുത്തേക്കു വരേണ്ട.. പകരും...

ഓ.. എനിക്കു വരത്തില്ല. ഞാൻ കുത്തിവയ്പ്പ് നടത്തിയിട്ടുള്ളതാ...

എങ്കിലും വേണ്ട... ഇവിടെയാകെ ചീത്തയായി കിടക്കുവാ...

എന്നാൽ വേണ്ട... ഇവിടെയിരിക്കാമല്ലോ....- മുറിയുടെ മൂലയിൽ കിടന്നിരുന്ന കസേരയിൽ അവളിരുന്നു. അതിശയത്തോടെ നിന്ന ചിന്നമ്മേടത്തി അകത്തേക്കു വലിഞ്ഞു.

എന്നാ ഇനി കുളിക്കുക...- ഓമന ചോദിച്ചു.

അറിയത്തില്ല... മുറിവെല്ലാം ഉണങ്ങി വരുന്നതേയുള്ളൂ... എങ്ങിനെ അറിഞ്ഞു?

എന്റെ ചേടത്തി പറഞ്ഞതാ.. തങ്കച്ചന്റെ അനിയന് പൊന്തിയിട്ടുണ്ടെന്നു. ഇവിടാണെന്നും പറഞ്ഞു. നമ്മളൊരുമിച്ച് ഇൻസ്റ്റിറ്റ്യൂട്ടിലുണ്ടെന്നു ചേട്ടത്തിക്കറിയാം... ദുർവയിൽ താമസിക്കുന്ന അമ്മാവന്റെ വീട്ടിലേക്കാണെന്നു പറഞ്ഞിറങ്ങിയതാ... ഒടനെ പോണം....

പൊയ്ക്കോ.....

എന്നതാ ഒരു ദേഷ്യം....

എനിക്കാരോടും ദേഷ്യമില്ല....

ഇല്ലെങ്കിൽ നല്ലത്....

സോമനതിനു മറുപടി നൽകിയില്ല. അവൻ മിണ്ടാതെ മുകളിലേക്കു നോക്കിക്കിടന്നു.

ഇവിടെ ഒരാൾ വന്നിരുന്നിട്ടു എന്താ ഇങ്ങനെ മിണ്ടാതെ കിടക്കുന്നത്.......... എന്നാ ഞാൻ പൊയ്ക്കോട്ടെ.......

എന്നാ പൊയ്ക്കോ... ഞാൻ പറഞ്ഞിട്ടല്ലല്ലോ വന്നത്.....

അതെ ഇയാൾ പറഞ്ഞിട്ടില്ല വന്നത്... എനിക്കു തോന്നിയിട്ടാണ് വന്നത്... തോന്നിയാൽ ഇനിയും വരും....- അവൾ ചിരിച്ചു കൊണ്ട് കസേരയിൽ നിന്നെഴുന്നേറ്റു. ചിന്നമ്മേടത്തിയോട് യാത്ര പറഞ്ഞിറങ്ങി.

അവളെ യാത്രയാക്കി ചിന്നമ്മേടത്തി മുറിയിലേക്കു വന്നു.

ആരാ അത്....?

പരിചയമുള്ള ഒരു പെൺകുട്ടി...

നല്ല കുട്ടി....- ചിന്നമ്മേടത്തി പതിയെ ചിരിച്ചുകൊണ്ട് അകത്തേക്കു പോയി.

അന്നേരം സോമന്റെ മനസു നിറഞ്ഞത് സന്തോഷം കൊണ്ടാണോ വേദന കൊണ്ടാണോ എന്നറിയില്ല. ജാലകത്തിലൂടെ ഒരു തണുത്ത കാറ്റ് അവന്റെ മുഖത്തേക്കടിച്ചു.

പൊന്തിയ പോളങ്ങളെല്ലാം ഒതുങ്ങി ഉണങ്ങി പൊറ്റ പൊഴിഞ്ഞു. സോമനു കുളിക്കാമെന്നായി. കുളി കഴിഞ്ഞു ഒരാഴ്ച കൂടി കഴിഞ്ഞിട്ടാണ് അവൻ പുറത്തേക്കിറങ്ങിത്തുടങ്ങിയത്. കുറച്ചു ദിവസംകൂടി സോമൻ അവിടെത്തന്നെ നിൽക്കെന്നു ചേട്ടൻ വന്നു പറഞ്ഞു. ഇത്രയും നാളായിട്ട് ഇപ്പോഴാണ് തങ്കച്ചൻ സോമനെ കാണാൻ വന്നത്. ചേടത്തിക്കു വലിയ പേടിയാണെത്രെ. ജോയിച്ചായനും ചിന്നമ്മയ്ക്കും അതിൽ വിഷമമൊന്നും തോന്നിയില്ല. മറിച്ചു സന്തോഷമാണ് തോന്നിയത്. അവർക്കു വർത്തമാനം പറഞ്ഞിരിക്കാനും മറ്റും ഒരാളെ കിട്ടിയ സന്തോഷമാണ്. ജോയിച്ചനൊപ്പം ഇടയ്ക്കു പുറത്തേക്കിറങ്ങും വൈകുന്നേരങ്ങളിൽ അടുക്കളക്കാര്യങ്ങളിൽ ജോയിച്ചനും സോമനും ചിന്നമ്മയെ സഹായിക്കും. നല്ല സ്നേഹമുള്ളവർ. ഉള്ളിൽകളങ്കമില്ലാതെ സംസാരിക്കുന്നവർ. ഓമനയുടെ കാര്യം പലപ്പോഴും ചിന്നമ്മേടത്തി ചോദിച്ചു. ജോയിച്ചായനോടും പറഞ്ഞുവെന്നാണ് തോന്നുന്നത്. അവൻ കൂടുതലായി ഒന്നും

പറയാൻ തുനിഞ്ഞില്ല.

അടഞ്ഞ ഒരധ്യായമായാണ് ഓമനയുടെ കാര്യം അവന്. അസുഖം വന്നുകിടന്നപ്പോൾ അവൾ വന്നുവെന്നതു കൊണ്ട് തന്റെ മനസിൽ മോഹം നിറയ്ക്കേണ്ട ആവശ്യമില്ല. വെറുതെ മോഹിക്കാനല്ലാതെ അവളുടെ ജീവിതത്തിൽ തനിക്കു ഒരു ഇടമുണ്ടാകുമെന്നു കരുതുക വയ്യ. മറക്കേണ്ടവ മറന്നുതന്നെ കളയണം. ഒറ്റപ്പെട്ടു ജീവിക്കാനാണ് തന്റെ വിധി. ജോയിച്ചായനെയും ചിന്നമ്മയെപ്പോലുള്ളവർ ഇടയ്ക്കു കണ്ടുമുട്ടുന്ന നന്മയുടെ തുരുത്തുകൾ. നാട്ടിലെ മാധവേട്ടനേയും രാമചന്ദ്രന്റെ അമ്മയേയും അപ്പോൾ അവന് ഓർമവന്നു. ഇങ്ങോട്ടേക്കു വന്നിട്ടു രാമചന്ദ്രനു മാത്രമാണ് രണ്ടുമൂന്നു കത്തുകളെഴുതിയത്. അവനും ഇടയ്ക്കെഴുതി. പിന്നെ അതും മുടങ്ങി. നാട്ടിൽ പൊന്നമ്മയ്ക്കു കല്യാണമാലോചിക്കുന്നുണ്ടെന്നു ചേട്ടൻ പറഞ്ഞു. ഇതുവരെ ഒരു കത്തുപോലും വീട്ടിൽ നിന്നു തന്നെതേടി ഇവിടെയെത്തിയിട്ടില്ല.

ഇനിയും ജോയിച്ചായന്റെ വീട്ടിൽ താമസിക്കുന്നത് ശരിയല്ലെന്നു തോന്നിത്തുടങ്ങി. വരുമാനമില്ലാതെ അവർക്കൊപ്പം എത്രനാൾ. കൂട്ടുകാരൻ കാപ്പിലെ തോമസും കുടുംബവും നാട്ടിൽ പോയ കാര്യം ജോയിച്ചായനോട് തങ്കച്ചൻ വിളിച്ചു പറഞ്ഞിരുന്നു. രണ്ടു മാസം കഴിഞ്ഞേ വരൂ. തോമസിന്റെ പെങ്ങളുടെ കല്യാണമാണത്രെ. നാട്ടിലേക്കു കുടുംബമടച്ചു ആരെങ്കിലും പോയാൽ ആ ദിവസങ്ങളിൽ സുഹൃത്തുക്കളോ ബന്ധുക്കളോ ആയിരിക്കും അവരുടെ വീട്ടിൽ കിടക്കുക. കള്ളന്മാരോ മറ്റുള്ളവരോ വീടുകളിൽ കയറാൻ സാധ്യതയുണ്ട്. തങ്കച്ചനെ താക്കോൽ ഏൽപ്പിച്ചാണ് തോമസ് പോയിരിക്കുന്നത്. അവിടെ താമസിക്കാൻ പറ്റുമോയെന്നു തങ്കച്ചൻ സോമനോട് ചോദിച്ചു. സത്യത്തിൽ അതൊരു അനുഗ്രഹമായാണ് സോമന് തോന്നിയത്. ജോയിച്ചന്റെ വീട്ടിൽനിന്നു മാറണമെന്നു കരുതിയിരിക്കുകയായിരുന്നു. വേറെ ബുദ്ധിമുട്ടുകളൊന്നും അവിടെ ഉണ്ടായിരുന്നില്ല. എങ്കിലും മാറുകതന്നെ.

അടുത്ത ദിവസം തന്നെ തോമസിന്റെ വീട്ടിലേക്കു സോമൻ താമസം മാറ്റി. ഒറ്റയ്ക്ക് ഒരു വീട്ടിൽ ആദ്യമായാണ് താമസിക്കുന്നത്. രണ്ടു മാസമെങ്കിൽ രണ്ടുമാസം അത്രയും കാലം ഒരു വീടിന്റെ അധിപനായി കഴിയാം. അവൻ ഉള്ളാലെ ചിരിച്ചു. നല്ല സൗകര്യങ്ങളുള്ള വീടാണ്. അത്യാവശ്യത്തിനു പാചകം ചെയ്യാനുള്ള അരിയും മറ്റു സാധനങ്ങളും അവിടെയുണ്ട്. മീനോ മറ്റോ വാങ്ങിയാൽ മതിയാകും. കുറച്ചു പൈസ ചേട്ടൻ തന്നിട്ടുണ്ട്. ഇടയ്ക്കു വീട്ടിലേക്കു വരാനും തങ്കച്ചൻ പറഞ്ഞു. പിന്നെ തത്ക്കാലം കുറച്ചുനാൾ കൂടി ഹോട്ടലിൽ ജോലിക്കു നിന്നുകൊള്ളാനും പറഞ്ഞു. അതേതായാലും നന്നായി അവിടന്നു കിട്ടുന്നതുകൊണ്ട് ബാക്കി ചെലവുകളൊക്കെ നടന്നോളും. പിന്നെ ചെയ്യാൻ എന്തെങ്കിലും പണിയുമായല്ലോ.

തോമസിന്റെ വീട്ടിൽ ചെന്നു സാധനങ്ങളെല്ലാം എടുത്തുവച്ചു. നാളെ മുതൽ ഹോട്ടലിലേക്കു പോയാൽ മതി. ഇന്ന് ഇൻസ്റ്റിറ്റ്യൂട്ടിൽ പോകണം. ഓമനയെ കണ്ടിട്ട് എത്ര നാളായി. ഇൻസ്റ്റിറ്റ്യൂട്ടിൽ ചെന്നപ്പോഴാണ് ഓമന വരാറില്ലെന്നറിഞ്ഞത്. കാര്യമെന്താണെന്ന് ആർക്കുമറിയില്ല. സോമന്റെ മനസിൽ ചെറിയൊരാധിയായി അത് പെരുത്തു. അവളുടെ വീട്ടിലേക്കു പോകുകതന്നെ.

ഓമനയുടെ ക്വാർട്ടേഴ്സിനു മുന്നിൽ സോമൻ പരുങ്ങിനിന്നു. താൻ ഇവിടേക്കു വന്നത് ശരിയാണോ. അവൾക്കു അത് ഇഷ്ടമാകുമോ. ചുറ്റും നിരനിരയായി നിരവധി ക്വാർട്ടേഴ്സുകൾ. മിക്കതും അടച്ചിട്ടിരിക്കുന്നു. ചിലതിന്റെ ജാലകങ്ങൾക്കിടയിൽ നിന്നു ആളനക്കത്തിന്റെ അടയാളങ്ങൾ പുറത്തുവരുന്നുണ്ട്. കുറച്ചകലെയുള്ള മൈതാനത്ത് കുട്ടികൾ കളിക്കുന്നു. ഓമന താമസിക്കുന്ന ക്വാർട്ടേഴ്സിന്റെ മുൻവാതിലും അടഞ്ഞുകിടക്കുകയാണ്. അകത്ത് ആരുമില്ലെന്ന സംശയം സോമനിലുദിച്ചു. ഓമനയുടെ ചേട്ടനും ചേടത്തിയും ജോലിക്കു പോയിരിക്കും. ഇനിയിപ്പോ ഓമന നാട്ടിലേക്കു പോയിട്ടുണ്ടാകുമോ. അവൻ സംശയത്തോടെ വാതിലിൽ മുട്ടി. ആകാംഷയ്ക്കൊടുവിൽ വാതിൽ തുറന്നു. നീലസാരിയിൽ നിറഞ്ഞു കത്തുംപോലെ ഓമന.

അവന്റെ കണ്ണുകൾ തിളങ്ങി. എന്തു പറയണമെന്നറിയാതെ അവൻ പകച്ചു. ഓമനയ്ക്കും അത്ഭുതമായിരുന്നു. ഒട്ടും പ്രതീക്ഷിക്കാതെ എത്തിയ അതിഥിയെ നോക്കി അവളും അമ്പരന്നു.

അകത്തേക്ക് കയറൂ...- ഓമനയുടെ സ്വരം വിറയ്ക്കുന്നുണ്ടായിരുന്നു. സോമൻ അകത്തേക്ക് കയറി. സ്വീകരണ മുറിയിലെ കസേരയിലിരുന്നു. മുറിയുടെ ചുവരിൽ ചാരി തല കുമ്പിട്ട് ഓമനയും നിന്നു.

അസുഖമൊക്കെ മാറിയോ...- ഓമന ചോദിച്ചു.

മാറി...

അപ്പോ ജോലിക്കു പോയിത്തുടങ്ങിയോ....

ഇല്ല... കൂടുതൽ അധ്വാനമൊന്നും കുറച്ചുനാളത്തേക്കു പാടില്ല....- ഇതു പറയുമ്പോൾ എന്തു ജോലിയെന്നതായിരുന്നു സോമന്റെ മനസിൽ.

എന്തേ, ഇൻസ്റ്റിറ്റ്യൂട്ടിൽ വരാത്തേ.. ഞാനിന്നു പോയിരുന്നു. വന്നിട്ടു കുറച്ചു ദിവസമായെന്നു കേട്ടു...

-സോമൻ ചോദിച്ചു

ഞാൻ അവിടെ നിർത്തി...

എന്തേ....

നഴ്സിങ്ങിനു അഡ്മിഷൻ കിട്ടി... ഹസാരിബാഗിലെ സെന്റ് കൊളംബസ് ആശുപത്രീല്...

അത്... കൊറെ ദൂരെയാണല്ലോ.... സോമന്റെ മുഖം വാടി.

ങാ... ഹോസ്റ്റലിൽ നിൽക്കണം... ആഴ്ചയിലേ വരാൻ പറ്റൂ...

സോമൻ തല കുമ്പിട്ടിരുന്നു. വല്ലാത്ത വീർപ്പുമുട്ടൽ അവന്റെ മുഖം വിളിച്ചു പറയുന്നുണ്ടായിരുന്നു.

എന്തേ... ഞാൻ നഴ്സിങ്ങിനു പോകുന്നത് ഇഷ്ടമല്ലേ... – അവന്റെ മുഖഭാവം കണ്ട് അവൾ ചോദിച്ചു.

ആ വാക്കുകളിൽ അവളുടെ മനസ് അവനു വായിച്ചെടുക്കാൻ കഴിഞ്ഞു. അവൻ അവളുടെ മുഖത്തേക്കു നോക്കി. ആ കണ്ണുകൾ തിളങ്ങുന്നത് അവൻ അറിഞ്ഞു. പകുതി നിറഞ്ഞ കണ്ണുകളോടെ അവൻ ചോദിച്ചു.

എന്നെ ഇഷ്ടമല്ലെങ്കിൽ അതൊന്നു പറഞ്ഞൂടേ...

വല്ലാത്ത നിശബ്ദത അവർക്കിടയിൽ തളംകെട്ടി. ഓമന തലകുമ്പിട്ടു നിൽക്കുകയാണ്. അവളുടെ നിശബ്ദത ഒരുപാട് ഉത്തരങ്ങൾ പറയുന്നുണ്ടെന്നു സോമനു തോന്നി. അവൻ പോകാനായി പതിയെ എഴുന്നേറ്റു. പുറത്തേക്കുള്ള വാതിലിനു സമീപമെത്തിയപ്പോൾ ഓമന ഓടി അവന്റെയടുത്തെത്തി.

ഇഷ്ടമല്ലെന്ന് ആരു പറഞ്ഞു... എനിക്കിഷ്ടമാണ്... എന്നേക്കാളേറെ...

മനസിൽ ഒരു കോടി കണിക്കൊന്നപ്പൂക്കൾ പൂത്തിറങ്ങിയതു പോലെയാണ് അവനു തോന്നിയത്. ഇതുവരെ കേൾക്കാത്ത മായിക സംഗീതം പോലെ അവളുടെ വാക്കുകൾ അവന്റെ കാതുകളിൽ മുഴങ്ങി. അറബിക്കഥകളിലെ സുഗന്ധദ്രവ്യത്തിന്റെ ഗന്ധമായിരുന്നു അവളുടെ സാമീപ്യത്തിൽ അവന് അനുഭവപ്പെട്ടത്. സോമൻ അവളെ തിരിഞ്ഞുനോക്കി. അവൾ ലജ്ജയോടെ വാതിലിനു പിന്നിലൊളിച്ചു. അവൻ പതിയെ അവളുടെ അടുത്തെത്തി. പകുതിയടഞ്ഞ മിഴികളോടെ നിൽക്കുന്ന അവളുടെ ഇരു തോളുകളിലും കൈവച്ച് അവൻ ചോദിച്ചു–

സത്യം പറയൂ... എനിക്കിത് വിശ്വസിക്കാമോ...

അവളുടെ മുഖം ചുവന്നു തുടുത്തു. അവളുടെ കവിളുകളിൽ എണ്ണിയാലൊടുങ്ങാത്ത വികാരങ്ങൾ മിന്നിമറഞ്ഞു. ചൊടികൾക്കു സിന്ദൂരനിറമായി. മന്ത്രിക്കും പോലെ അവൾ പറഞ്ഞു...

തീർച്ചയായും വിശ്വസിക്കാം....

അവൻ അവളെ ചേർത്തുനിർത്തി. വിയർപ്പുതുള്ളികൾ തുടിച്ചുനിൽക്കുന്ന നെറ്റിയിൽ അവളുടെ നെറ്റിയിൽ അവൻ ചുണ്ടുകളമർത്തി. അവൾ നാണം കൊണ്ട് കുതറിമാറി. ചെയ്തത് തെറ്റോ എന്ന സംശയത്തിൽ അവനും അകന്നു മാറി.

ഞാൻ ചായ എടുക്കാം...– നാണത്തിൽ നിന്നു മോചിതയായി അവൾ അകത്തേക്കു പോയി.

സോമന് ഒന്നും വിശ്വസിക്കാനായില്ല. തന്റെ മാറിൽ ഓമന തലചായ്ച്ചുനിന്നുവെന്നോ. ഇതിൽപരം അനുഗ്രഹം തനിക്കുവേറെന്തു ലഭിക്കാനാണ്. എത്രമാത്രം കൊതിച്ചതാണ്

തനിക്കു കൈവന്നിരിക്കുന്നത്. ഒരു വേദനയായി അവളുടെ മുഖം എത്രയോ വട്ടം തന്നിൽ നിറഞ്ഞുനിന്നിരുന്നു. അകന്നുപോകുമെന്നുറപ്പിച്ച സ്വപ്നമാണ് യാഥാർഥ്യമായിരിക്കുന്നത്. അപൂർണമായ ജീവിതത്തിന്റെ പൂർണതയാണ് താനിന്നനുഭവിച്ചത്. സോമന്റെ മനസ് പേരറിയാ ചെടികൾ നിറഞ്ഞു പൂത്തുനിൽക്കുന്ന ഏതോ താഴ് വരയിലൂടെ ഒഴുകുകയായിരുന്നു. അവനു ചുറ്റും ഒരായിരം ചിത്രശലഭങ്ങൾ നൃത്തമാടി.

സാറേ... ഈ ലോകത്തുതന്നെയാണോ.. എന്താ ഇത്രവലിയ ആലോചന... -ഓമന ചായയുമായെത്തിയിരിക്കുന്നു. അവളുടെ മുഖത്തെ നാണം ഇപ്പോഴും അണഞ്ഞിട്ടില്ല.

ഓമനേ... ഈ കഴിഞ്ഞതൊന്നും എനിക്കു വിശ്വസിക്കാനാവുന്നില്ല...

അതൊക്കെ സത്യമാണ് എന്റെ മനസാണ് ഞാൻ തുറന്നുകാട്ടിയത്..

എന്റെ ഭാഗ്യം...

എന്നാൽ എനിക്കൊരു വാക്കുതരണം...

എന്റെ മനസും ശരീരവും ഇനി നിന്റേതാണ്... എന്താണെന്നുവച്ചാൽ പറയൂ...

ഞാനല്ലാതെ മറ്റൊരു പെണ്ണും ആ മനസിലുണ്ടാകരുത്...

സോമൻ അവളുടെ കൈയുകൾ അവന്റെ നെഞ്ചിനോട് ചേർത്തു.

ഒരിക്കലുമില്ല... നീയല്ലാതെ മറ്റൊരു സ്ത്രീ എന്റെ ജീവിതത്തിലുണ്ടാവില്ല...

ഓമനയുടെ ചേട്ടന്റെ മൂത്ത കുട്ടി കളി കഴിഞ്ഞ് വീട്ടിലേക്ക് ഓടിവന്നു. സോമൻ ഓമനയുടെ കയ്യുകൾ മോചിപ്പിച്ചു. ഒന്നുമറിയാത്തപോലെ സോമൻ അവൾ കൊണ്ടുവന്നുവച്ച ചായക്കോപ്പ കയ്യിലെടുത്തു.

ഇതിനു മുമ്പ് ഇഷ്ടമാണോ എന്നു ചോദിച്ചപ്പോൾ എന്താ ഒന്നും പറയാതിരുന്നത്...-സോമൻ ചോദിച്ചു.

ഇതെല്ലാം ആലോചിച്ചു എടുക്കേണ്ട തീരുമാനമല്ലേ...

അപ്പോ വീട്ടുകാരുമായി ആലോചിച്ചോ...

അതല്ല... ഇനിയും നാലഞ്ചു വർഷം കാത്തിരിക്കണം... എന്റെ പഠനം കഴിയണം... സോമന് ഒരു നല്ല ജോലി കിട്ടണം... അതു കഴിഞ്ഞുവേണം വീട്ടുകാരെ അറിയിക്കാൻ...

അവളുടെ തീരുമാനങ്ങൾ ബാലിശമല്ലെന്നു സോമനു തോന്നി. അങ്ങിനെ തന്നെയാണ് വേണ്ടത്. ജീവിതത്തെക്കുറിച്ച് പ്രായോഗിക തീരുമാനങ്ങൾ എടുക്കുന്ന ഈ പെൺകുട്ടി തനിക്കു ഭാഗ്യമാകുമെന്നു സോമന് തീർച്ചയായി.

തിരിച്ചുപോരുമ്പോൾ അവന്റെ മനസു നിറഞ്ഞിരുന്നു. ലോകം കീഴടക്കിയപോലെയായിരുന്നു അവന്റെ മനസ്. ഇത്തിരി സ്നേഹം തേടിയലഞ്ഞ തനിക്കു ലഭിച്ചത് സ്നേഹത്തിന്റെ ഉയരമളക്കാനാവാത്ത കുന്നാണ്. ഒരു പെണ്ണിന്റെ മനസു സ്വന്തമാക്കുന്നതിലും വലിയ നേട്ടം മറ്റൊന്നിനുമില്ലെന്നു അവനന്നു മനസിലായി.

അന്നു രാത്രി അവന് ഉറങ്ങാൻ കഴിഞ്ഞതേയില്ല. തോമസിന്റെ വീട്ടിലെ സ്പോഞ്ചു മെത്തയിൽ കിടന്നിട്ടും അവന് ഉറക്കം വന്നതേയില്ല. ഓമന എപ്പോഴും അരികിലുണ്ടെന്ന തോന്നൽ. അവളുടെ ശബ്ദം, അവളുടെ സ്പർശനം, അവളുടെ ഗന്ധം എല്ലാം തന്നെ തഴുകുന്നതുപോലെ അവനു തോന്നി. രാത്രിയുടെ ഏതോ യാമത്തിൽ കണ്ണൊന്നു അടഞ്ഞുപോയപ്പോൾ അടുത്ത മുറിയിൽ നിന്നു ഉയർന്ന ശബ്ദം അവനെ ഉണർത്തി. അടുത്ത മുറിയിൽ ആരോ ഉണ്ട്. ഇരുട്ടിൽ എന്തൊക്കെയോ ചലനങ്ങൾ അവനു തിരിച്ചറിയാനായി. സോമൻ പതിയെ എഴുന്നേറ്റു. ലൈറ്റിടാതെ അടുത്ത മുറിയിലേക്കു അവൻ നിശബ്ദം പാദങ്ങൾ വച്ചു. മുഖമടച്ചു കൊണ്ടുള്ള ഒരടി പെട്ടന്നാണ് കിട്ടിയത്.